പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **3278** **29. 01. 2014** - ലെ മറുപടി

<u>വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ അകപ്പെട്ട മലയാളികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. രാജു എബ്രഹാം</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് രാജ്യങ്ങളിലുൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ തടവിലാക്കപ്പെട്ട മലയാളികളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കണക്കുകൾ ലഭ്യമായിട്ടുണ്ടോ ; എങ്കിൽ അത് വ്യക്തമാക്കാമോ; | (എ) വിദേശരാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. |
| (ബി) വിദേശ രാജ്യത്തെ ജയിലുകളിൽ അകപ്പെട്ട മലയാളികളെ സുരക്ഷിതമായി സ്വന്തം നാട്ടിലെത്തിക്കാനായി പ്രഖ്യാപിച്ച സ്വപ്ന സാഫല്യം പദ്ധതി പ്രകാരം ഏതൊക്കെ രാജ്യങ്ങളിലെ ജയിലുകളിൽ നിന്ന് എത്ര മലയാളികളെ ഇതിനോടകം നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) നാളിതുവരെ സൗദി അറേബ്യയിൽ നിന്ന് ഫെബ്രുവരി 2012 മുതൽ ഫെബ്രുവരി 2013 വരെ 93 പേരെ സ്വപ്ന സാഫല്യം പദ്ധതി പ്രകാരം നാട്ടിലെത്തിച്ചിട്ടുണ്ട്. |
| (സി) വിദേശ രാജ്യങ്ങളിൽ നിലവിൽ ജയിലിൽ അകപ്പെട്ടിട്ടുള്ള നിരപരാധികളായ മലയാളികളെ തിരികെ എത്തിക്കുന്നതിന് നയതന്ത്ര തലത്തിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി പ്രത്യേകം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ ? | (സി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് നയതന്ത്രതലത്തിലിടപെട്ട് അവരുടെ മോചനത്തിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നുണ്ട്. വിദേശരാജ്യങ്ങളിൽ ഉദ്യോഗസ്ഥരെ പ്രത്യേകം ചുമതലപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏത് ജയിൽകേസിലും ഉടനടി സാധ്യമായ നടപടികൾ സ്വീകരിച്ച് പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. എംബസിയുടെ പാനലിൽ നിന്നുള്ള അഡ്വക്കേറ്റുമാരുടെ സേവനം ലഭ്യമാക്കി മോചനം സാധ്യമാക്കുന്നതിന് പ്രവാസി ലീഗൽ എയ്ഡ് സെൽ എന്ന ഒരു പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ